# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 2427

18.02.2016 ലെ മറുപടിയ്ക്ക്

**മൈക്രോ ഇറിഗേഷൻ പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.കെ.ബാലൻ | | പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് എത്ര മൈക്രോ ഇറിഗേഷൻ പദ്ധതികൾ ആരംഭിച്ചു; എവിടെയെല്ലാമെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ജലവിഭവ വകുപ്പിന്റെ കീഴിൽ സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ച് വയനാട് ജില്ലയിലെ പുൽപ്പള്ളിയിലും ഇടുക്കി ജില്ലയിലെ വട്ടവടയിലും മൈക്രോ ഇറിഗേഷൻ പദ്ധതികൾ ആരംഭിച്ചു. |
| (ബി) | പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിച്ചവയുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | മേൽ പദ്ധതിയുടെ പ്രവൃത്തികൾ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. |
| (സി) | ഈ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക ഇതുവരെ ലഭിച്ചു; എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ; | (സി) | ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിച്ചിട്ടില്ല. |
| (ഡി) | ഈ പദ്ധതി നടപ്പിലാക്കിയതിലൂടെ പദ്ധതി പ്രദേശത്തുണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഡി) | ഈ പദ്ധതി പൂർത്തിയാകുമ്പോൾ മഴനിഴൽ പ്രദേശങ്ങളായ പുൽപ്പള്ളിയിലും വട്ടവടയിലും കുറഞ്ഞ ജലലഭ്യത ഉള്ളപ്പോൾ തന്നെ ഏക്കറു കണക്കിനു ഭൂമിയിൽ പച്ചക്കറി കൃഷി നടത്തുവാൻ കൃഷിക്കാർക്ക് സാഹചര്യം ഉണ്ടാകുന്നതാണ്. |

സെക്ഷൻ ഓഫീസർ